പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1857 21.01.2014 - ൽ മറുപടിക്ക്

<u>നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്ക് ചികിത്സ</u>

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്ക് ചികിത്സ. ഫിസിയോ തെറാപ്പി, തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിന് അനുയോജ്യമായ സെന്റർ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; | (എ) യും (ബി) യും | നട്ടെല്ലിന് ക്ഷതം പറ്റി കിടപ്പിലായവർക്ക വേണ്ടി ഒരു പാരാപ്ലജിക് സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതനുസരിച്ച് പാരാ പ്ലീജിക് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ 4 ഏക്കർ സ്ഥലം വിട്ടു നൽകാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ പഞ്ചായത്തുകളോടും ആവശ്യപ്പെടുകയുണ്ടായി. കൊല്ലം, ഇടുക്കി, കോഴിക്കോട് ജില്ലാ പഞ്ചായത്തുകൾ സ്ഥലം വിട്ടു നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും സെന്റർ അനുവദിക്കുന്നതിന് കൂടുതൽ അനുയോജ്യമായ കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള നെടുമ്പന സി.എച്ച്.സി.യുടെ വകയായ 4 ഏക്കർ സ്ഥലം തെരഞ്ഞെടുക്കുകയും പ്രസ്തുത സ്ഥലം സർക്കാർ അംഗീകാരത്തിന് വിധേയമായി സാമൂഹ്യനീതി വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | ഏതെങ്കിലും സ്ഥാപനങ്ങൾ ഇതിന് വേണ്ട സൗകര്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ